*⇨ ഈ സമീപനം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നതിന് കാരണമായിത്തീരും ⇨*

# പെല്ലറ്റ് വെടിയുണ്ടകൾക്ക് ഒന്നും പരിഹരിക്കാൻ കഴിയില്ല

കാശ്മീർ താഴ്വരയിൽ സമാധാനം പുനസ്ഥാപിക്കപ്പെടണമെങ്കിൽ ഭൗതികമായ സുസ്ഥിതിയേക്കാൾ മാനസികമായ സന്തുഷ്ടിയാണ് പുലരേണ്ടത്. കശ്മീരികൾക്ക് സ്വീകാര്യമായ ഒരു രാഷ്ട്രീയ പരിഹാരം ഉരുത്തിരിഞ്ഞുവന്നാൽ മാത്രമേ അത് സംഭവിക്കുകയുള്ളൂ. പല രാഷ്ട്രീയ വിദഗ്ധരും അഭിപ്രായപ്പെടുന്നതുപോലെ സ്വയംഭരണാവകാശം തന്നെയാകും പരിഹാരം.

**സന്ദീപ് പാണ്ഡെ**

**ഒട്ടേറെ** വിമർശനങ്ങൾക്ക് ശേഷവും കശ്മീരിൽ പ്രതിഷേധക്കാർക്കുനേരെ പെല്ലറ്റ് തോക്കുകൾ ഉപയോഗിക്കുന്നത് സർക്കാർ തുടരുകയാണ്. അടുത്തിടെ പെല്ലറ്റ് തോക്കുകൾ തകർത്ത ജീവിതങ്ങളിൽ ശ്വാസകോശം വിണ്ടുകീറിയ എട്ടു വയസ്സുകാരൻ ജുനൈദും അന്ധനായിത്തീർന്ന ആദിലും ഉൾപ്പെടുന്നു. ഓരോ ദിവസവും 30 പേരെങ്കിലും പെല്ലറ്റ് തോക്കുകളുടെ ഇരകളായിത്തീരുന്നു എന്നത് സർക്കാറിന്റെ കാർക്കശ്യത്തിൽ അയവുണ്ടായിട്ടില്ല എന്നതിന് തെളിവാണ്. തീവ്രവാദികളേയും കല്ലേറുകാരെയും ഇങ്ങനെതന്നെയാണ് നേരിടേണ്ടതെന്നും അതിൽ ഒരു വിമുഖതയും കാണിക്കേണ്ടതില്ലെന്നും ജമ്മുവിലെ സാംബയിൽ സന്ദർശനം നടത്തവെ കേന്ദ്ര മന്ത്രി അരുൺ ജെയ്റ്റ്ലി കർക്കശമായി പറഞ്ഞതും അതുതന്നെയാണ് തെളിയിക്കുന്നത്. എന്നാൽ അടുത്തദിവസം പ്രതിപക്ഷ നേതാക്കളുമായി നടത്തിയ ചർച്ചയിൽ കശ്മീരികളുടെ വേദന പങ്കുവയ്ക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. യുവാക്കളോ, സുരക്ഷാ ഉദ്യോഗസ്ഥരോ, പൊലീസോ ആകട്ടെ, അവർക്ക് ജീവൻ നഷ്ടമാകുന്നു എന്നത് ഏറെ വേദനാജനകമായ കാര്യമാണ്. പക്ഷെ, സാഹചര്യങ്ങൾ അത്യന്തം ദുഷിക്കുകയും തന്റെ രാഷ്ട്രീയ വ്യക്തിത്വത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു എന്നുവന്നപ്പോഴാണ് അദ്ദേഹം പ്രശ്നപരിഹാരത്തിനായി ശ്രമം തുടങ്ങിയത്. കല്ലും കട്ടകളും തീപ്പന്തങ്ങൾക്കും പകരം പേനയും കമ്പ്യൂട്ടറും തൊഴിലുമാണ് കശ്മീരികളുടെ കൈയിൽ ഞാൻ കാണാൻ ആഗ്രഹിക്കുന്നതെന്ന് രാജ്നാഥ് സിംഗും പറഞ്ഞു. എന്നാൽ ആഭ്യന്തര മന്ത്രി രാജ്നാഥ്സിംഗും അരുൺ ജെയ്റ്റ്ലിയും കശ്മീരിൽ ഇപ്പോഴുണ്ടായ പ്രകോപനങ്ങൾക്ക് പാകിസ്ഥാനെയാണ് കുറ്റപ്പെടുത്തിയത്. കശ്മീർ പ്രശ്നത്തെക്കുറിച്ച് വളരെ സാധാരണമായ മനസ്സിലാക്കൽ മാത്രമാണ് ബി.ജെ.പി നേതാക്കന്മാർക്കുള്ളത് എന്നത് എന്നെ ഞെട്ടിക്കുന്നുണ്ട്. ഈ സമീപനം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നതിന് കാരണമായിത്തീരും.

വികസനമാണ് കശ്മീർ പ്രശ്നത്തിന് പരിഹാരമെന്ന് പറയുന്ന മോദിയും രാജ്നാഥ്സിംഗും സാമ്പത്തിക അഭിവൃദ്ധിയാണോ പ്രശ്നപരിഹാരമായി മുന്നിൽ കാണുന്നത്? സാമ്പത്തിക അഭിവൃദ്ധി സന്തുഷ്ടി നൽകിയിരുന്നെങ്കിൽ പഞ്ചാബ് യുവത മയക്കുമരുന്നിലേക്ക് തിരിയില്ലായിരുന്നു. കാശ്മീർ താഴ്വരയിൽ സമാധാനം പുനസ്ഥാപിക്കപ്പെടണമെങ്കിൽ ഭൗതികമായ

സുസ്ഥിതിയേക്കാൾ മാനസികമായ സന്തുഷ്ടിയാണ് പുലരേണ്ടത്. കശ്മീരികൾക്ക് സ്വീകാര്യമായ ഒരു രാഷ്ട്രീയ പരിഹാരം ഉരുത്തിരിഞ്ഞുവന്നാൽ മാത്രമേ അത് സംഭവിക്കുകയുള്ളൂ. പല രാഷ്ട്രീയ വിദഗ്ധരും അഭിപ്രായപ്പെടുന്നതുപോലെ സ്വയംഭരണാവകാശം തന്നെയാകും ആ പരിഹാരം.

സ്ത്രീകളും കുട്ടികളും വരെ കല്ലേറിൽ പങ്കുചേരുന്നതിലാണ് അരുൺ ജെയ്റ്റ്ലി അത്ഭുതപ്പെടുന്നത്. അവർക്കുനേരെ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന ബലപ്രയോഗങ്ങൾക്ക് മറുപടിയാണ് ആ കല്ലേറുകൾ. തോക്കെടുക്കാതെ ആത്മസംയമനം പാലിക്കാരുടെ എണ്ണം ദിനംപ്രതി കൂടിവരുകയാണ്. രാജ്യത്തെവിടെയും പ്രക്ഷോഭങ്ങൾക്ക് നേരെ ഉപയോഗിക്കാത്ത പെല്ലറ്റ് വെടിയുണ്ടകൾ തങ്ങൾക്ക് നേരെ മാത്രം പ്രയോഗിക്കപ്പെടുമ്പോൾ രണ്ടാംതരം പൗരന്മാരായി കശ്മീരികൾക്ക് അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. ജനങ്ങളെ മനസ്സിലാക്കുന്ന ഒരു സർക്കാരും ഇത്ര മനുഷ്യത്വവിരുദ്ധമായി പൗരന്മാരോട് പെരുമാറില്ല. ഒരുപക്ഷേ ഇസ്രയേൽ പലസ്തീനികളോട് ഇതുചെയ്യുന്നുണ്ടാകാം; എന്നാൽ ഇസ്രയേലിന് പലസ്തീനുമായുള്ള ബന്ധമല്ലല്ലോ ഇന്ത്യയ്ക്ക് കശ്മീരുമായുള്ളത്.



ക്കുന്ന കശ്മീരിലെ ഒരു വലിയ വിഭാഗം ജനതയോട് നന്ദി പറയുകയാണ് അദ്ദേഹം ചെയ്യേണ്ടത്. ഒരു ചെറിയ വിഭാഗം മാത്രമാണ് സുരക്ഷാ ഉദ്യോഗസ്ഥരെ കൊല്ലുന്നതടക്കമുള്ള അക്രമങ്ങളിലേക്ക് വഴിമാറിയിട്ടുള്ളത്. കല്ലേറിൽ നിന്നും സ്വയരക്ഷ താരതമ്യേന എളുപ്പത്തിൽ സാദ്ധ്യമാകുമെന്നിരിക്കെ സുരക്ഷാ ഉദ്യോഗസ്ഥർ എന്തുകൊണ്ടാണ് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പെല്ലറ്റ് തോക്ക് പ്രക്ഷോഭകർക്ക് നേരെ പ്രയോഗിക്കുന്നത്? രണ്ട് സുരക്ഷാ ഉദ്യോഗസ്ഥരാണ് ഇത്രയും ദിവസം നീണ്ടുനിന്ന അക്രമങ്ങൾക്കിടയിൽ കൊല്ലപ്പെട്ടത്. പെല്ലറ്റ് ആക്രമണത്തിൽ കൊല്ലപ്പെടുന്ന സാധാരണ

സേനയെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന വഴി മാത്രമാണ് കശ്മീർ പ്രശ്നത്തിന് പരിഹാരമായി ബി.ജെ.പിക്ക് നിർദ്ദേശിക്കാനുള്ളത്. ജമ്മുകശ്മീർ ഇന്ത്യയുടെ ഭാഗമായി മാറിയതിന് ശേഷമുണ്ടായ ഏറ്റവും നീണ്ട കർഫ്യൂവാണ് കഴിഞ്ഞ ഒന്നര മാസമായി അവിടെ തുടരുന്നത്. പൊലീസ് പിൻവലിഞ്ഞിരിക്കുന്നു. സൈനിക-അർദ്ധ സൈനിക വിഭാഗങ്ങളെയാണ് ഇപ്പോൾ ജനങ്ങൾ നേരിട്ട് അഭിമുഖീകരിക്കുന്നത്. അതിർത്തിയിൽ 'ശത്രുക്കളെ' മാത്രം നേരിടാൻ പരിശീലിക്കപ്പെട്ട സുരക്ഷാസേനയിലെ ഉദ്യോഗസ്ഥർ ജനങ്ങളെയും ശത്രുക്കളായി കരുതുന്നത് സ്വാഭാവികമാണ്. സുരക്ഷാ ഉദ്യോഗ


സ്ഥരുടെ ഉയർന്ന തോതിലുള്ള സാന്നിദ്ധ്യം കാര്യങ്ങൾ സാധാരണനിലയിലേക്ക് തിരികെക്കൊണ്ടുവരാൻ പ്രയാസമാകും എന്നതരത്തിലുള്ള ഒരു അന്തരീക്ഷമാണ് കശ്മീരിൽ സൃഷ്ടിച്ചിരിക്കുന്നത്. 13 വർഷത്തിന് ശേഷം ബി.എസ്.എഫിനെ സുരക്ഷാസഹായത്തിനായി വിളിച്ചതും ഒരു ശുഭസൂചനയല്ല.

താഴ്‌വരയിൽ സമാധാനം പുലരണമെന്ന് മോദി ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ചർച്ചകൾ ഉടൻ തുടങ്ങുകയാണ് വേണ്ടത്. കല്ലേറുകാരായ പ്രതിഷേധക്കാരാണ് സമാധാനലംഘകർ എന്നാണ് അരുൺ ജെയ്റ്റ്ലി കരുതുന്നത്. യാഥാർത്ഥത്തിൽ യുദ്ധോപകരണങ്ങളാൽ അധികാരം നൽകപ്പെട്ട സുരക്ഷാ ഉദ്യോഗസ്ഥരാണ് മുഖ്യ സമാധാനലംഘകർ. താഴ്‌വരയിൽ സമാധാനമെത്തുക എന്നത് പൂർണ്ണമായും സർക്കാരിന്റെ ചുമതലയാണ്. അതിന് ശ്രമിക്കുന്നതിന് പകരം പാകിസ്ഥാനാണ് ഈ കല്ലേറുകൾക്ക് പിന്നിലെന്ന് ധ്വനിപ്പിക്കുന്നതരത്തിലുള്ള പ്രസ്താവനകളിറക്കുന്നത് ഒരു ഫലവും ചെയ്യില്ല. പാകിസ്ഥാനെ നരകത്തിനോട് സാദൃശ്യപ്പെടുത്തിയ കേന്ദ്ര പ്രതിരോധ മന്ത്രി മനോഹർ പരിക്കറിന് നടിയും മുൻ കോൺഗ്രസ് എം.പിയുമായ രമ്യ നൽകിയ മറുപടി തീർത്തും യുക്തിസഹമായിരുന്നു. അതിന്റെ പേരിൽ അവർക്കെതിരെ ശക്തമായ പ്രതിഷേധങ്ങളുണ്ടാവുകയും രാജ്യദ്രോഹകുറ്റത്തിന് കേസ് ചുമത്തുകയും ചെയ്തു. ഹിന്ദുത്വവാദികളുടെ ഒരു തനത് തന്ത്രമാണിത്. അവർതന്നെ ആദ്യമൊരു വിവാദം സൃഷ്ടിക്കും. അതിനെക്കുറിച്ച് ആരെങ്കിലും സംസാരിച്ചാൽ  ഉടൻ തെരുവിലിറങ്ങി അത് ആളിക്കത്തിക്കും. അവർ ചെയ്തതിനെ ആരും ചോദ്യം ചെയ്യാൻ പാടില്ല; ആരെങ്കിലും പ്രതികരിച്ചാലോ, അവർ വീണ്ടും തെരുവിൽ വച്ച് അതിനെയും നേരിടും. ഒരു ഉദാഹരണത്തിന്, ദാദ്രിയിൽ കൊല്ലപ്പെട്ട അഖ്‌ലാകിന്റെ കുടുംബത്തിനെതിരെ ഗോമാംസം കൈവശം വച്ചതിന് കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് അവർ തെരുവിലറങ്ങി. അതേസമയം അയാളെ കൊന്നവർക്കെതിരെ കേസെടുക്കുന്നതിനെക്കുറിച്ച് മൗനം പാലിക്കുകയും ചെയ്തു.

എന്നാൽ നടി രമ്യ അവരുടെ നിലപാടിൽ ഉറച്ചുനിന്നു എന്നത് ശ്ലാഘനീയമാണ്. എന്തുവിലകൊടുത്താലും സംഘപരിവാർ അനുബന്ധ സംഘടനകളുടെ യുക്തിരാഹിത്യത്തെ തുറന്നുകാണിക്കുമെന്ന തീരുമാനത്തിൽ അവർ ഉറച്ചുനിന്നു. ഹിന്ദു ദേശീയതയാണ് ഇന്ത്യൻ ദേശീയത എന്ന് തെറ്റിദ്ധരിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്.  ദേശീയതയെക്കുറിച്ച് സ്വാതന്ത്ര്യസമരഭടന്മാർക്കുണ്ടായിരുന്ന സങ്കൽപ്പങ്ങൾക്ക് കടകവിരുദ്ധമാണ് അവർ മുന്നോട്ടുവയ്ക്കുന്ന 'ദേശീയത'. ബി.ജെ.പി അധികാരത്തിലെത്തിയ ശേഷം ദേശീയതയുടെ പേരുപറഞ്ഞുള്ള അക്രമവും അഴിഞ്ഞാട്ടവും ഇന്ത്യയിൽ വല്ലാതെ പ്രകടമായിട്ടുണ്ട്. സാമുദായിക മൈത്രിയാണ് നമ്മുടെ ദേശീയതയുടെ പൈതൃക സമ്പത്ത്. ന്യൂനപക്ഷ പ്രീണനമാണെന്നു പറഞ്ഞ് അതിനെ തകർക്കാൻ ശ്രമിക്കരുത്.

രമ്യ പറഞ്ഞതാണ് ശരി. പാകിസ്ഥാനിലെ ജനങ്ങൾ നമ്മളെ പോലെതന്നെയാണ്. അതുകൊണ്ടുതന്നെ അവരെ വെറുക്കേണ്ട കാര്യവുമില്ല. സർക്കാരാണ് ശത്രുതാപരമായ അന്തരീക്ഷം ജനങ്ങൾക്കിടയിൽ നിലനിർത്തുന്നത്. ജനങ്ങൾ എന്തുകൊണ്ടാണ് അതിന് വശംവദരാകുന്നത്? പാകിസ്ഥാനിൽ 48 ശതമാനം ജനങ്ങൾക്ക് ശൗചാലയ സൗകര്യങ്ങളുള്ളപ്പോൾ ഇന്ത്യയിൽ അത് 34 ശതമാനം മാത്രമാണ്. ഇന്ത്യയിൽ ജനിക്കുന്ന കുട്ടികളിൽ 43 ശതമാനം പേർ തൂക്കക്കുറവുള്ള കുട്ടികളായിരിക്കുമ്പോൾ പാകിസ്ഥാനിൽ അത് 31 ശതമാനം മാത്രമാണ്. ആ സ്ഥിതിക്ക് പാകിസ്ഥാനിലെ പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ച് അവിടം അത്രത്തോളം നരകമായി അനുഭവപ്പെടാനിടയില്ല. ■

## പുസ്തകം കൈപ്പറ്റി




**സ്നേഹം എന്ന**
**സ്വാതന്ത്ര്യ പ്രയോഗം**

സാംസ്കാരിക വിമർശകയായ **ബെൽഹുക്സിന്റെ** ലേഖനങ്ങളുടെ സമാഹാരം

പ്രസാധനം:
പ്രസക്തി ബുക്സ്
വില: 130 രൂപ

**സ്ത്രീവിമോചനം**
ചരിത്രം, സിദ്ധാന്തം, സമീപനം

ഫെമിനിസത്തിന്റെ ചരിത്രപരമായ വികാസത്തെക്കുറിച്ചുള്ള പഠനം

**എ.കെ. രാമകൃഷ്ണൻ**
**കെ.എം. വേണുഗോപാൽ**

പ്രസാധനം:
പ്രസക്തി ബുക്സ്
വില: 300 രൂപ

